ണവും) ആക്ട് 2002 രൂപീകരിക്കുകയും അതിൻ പ്രകാരം കേരള ഭൂജല അതോറിറ്റി 15-1-2004 തീയതി മുതൽ നിലവിൽ വന്നിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് അമിത ജലചൂഷണ (over exploited) വിധേയമായ ബ്ലോക്കുകളിൽ പുതിയ കിണറുകൾ കുഴിക്കുവാനും. നിലവിലുള്ള കിണറുകൾ പരിവർത്തനം ചെയ്യുവാനും ഭൂജല അതോറിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. ഇതുകൂടാതെ സംസ്ഥാനത്ത് 1.5 എച്ച്പിയിൽ അധികം മോട്ടോർ ഘടിപ്പിച്ചിട്ടുള്ള തുറന്ന കിണറുകൾ, 3 എച്ച്.പി.യിൽ അധികം ശേഷിയുള്ള മോട്ടോർ ഘടിപ്പിച്ചിട്ടുള്ള ബോർവെല്ലുകൾ എന്നിവ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാകുന്നു.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം

12(*222) ശ്രീ. പി. ജയരാജൻ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും കാലാവധിക്കുള്ളിൽ തന്നെ മരുന്നുകൾ ഉപയോഗിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) മരുന്നുകളും ചികിത്സാ സാമഗ്രികളും വാങ്ങുന്നതിന് കോർപ്പറേഷൻ അനുവർത്തിക്കുന്ന നടപടിക്രമം വ്യക്തമാക്കുമോ ;

(ഡി) കോർപ്പറേഷന്റെ ജില്ലാ മരുന്ന് വെയർഹൗസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുമോ ;

(ഇ) സർക്കാർ ആശുപത്രികളിൽ എത്രകോടി രൂപയുടെ മരുന്നുകളും ചികിത്സാ സാമഗ്രികളും മറ്റ് ഉപകരണങ്ങളും കോർപ്പറേഷനിലൂടെ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

1-1-2007-ലെ ജി.ഒ.(പി) നമ്പർ 448/2007/ആ.കു.വ. ഉത്തരവ് പ്രകാരം സ്ഥാപിതമായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 1-4-2008 മുതൽ സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെയും ആരോഗ്യവിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള ആശുപത്രികൾക്കു വേണ്ട അവശ്യമരുന്നുകൾ. ചികിത്സാ സാമഗ്രികൾ ബയോ മെഡിക്കൽ ഉപകരണങ്ങൾ, ആധുനിക ജീവൻ രക്ഷാ ആംബുലൻസുകൾ തുടങ്ങിയവ സംഭരിച്ചു വിതരണം ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ വിവിധ പദ്ധതികൾക്ക് ആവശ്യമായ മരുന്നു കിറ്റുകൾ, സംസ്ഥാന സാമൂഹ്യ ക്ഷേമവകുപ്പിലെ അംഗനവാടി പ്രവർത്തകർക്കു വേണ്ട മരുന്നു കിറ്റുകൾ, പേവിഷബാധ നിയന്ത്രിക്കുന്നതിനുള്ള ഐ.ഡി.ആർ.വി. പദ്ധതിക്കുള്ള വാക്സിനുകളും സിറിഞ്ചുകളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ആശുപത്രികൾക്ക് മരുന്നു സംഭരണത്തിന് നൽകുന്ന തുകയ്ക്കുള്ള മരുന്നുകൾ, സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന് ആവശ്യമായ സാധന സാമഗ്രികൾ എന്നിവയും കോർപ്പറേഷൻ മുഖേന സംഭരിച്ചു വിതരണം ചെയ്തു വരുന്നു. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ആരോഗ്യവകുപ്പു സെക്രട്ടറി ചെയർമാനായുള്ള ഡയറക്ടർ ബോർഡ് നിലവിലുണ്ട്. കൂടാതെ സർക്കാർ തലത്തിലും കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്താറുണ്ട്.

(ബി) 1945-ലെ ഡ്രഗ്സ് & കോസ്മറ്റിക് റൂൾസ് നിഷ്ക്കർഷിക്കുന്ന മാനുഫാക്ചറിംഗ് പ്രാക്ടീസസ് (ജി.എം.പി) ഉറപ്പു വരുത്തുന്ന സ്ഥാപനങ്ങളിൽ നിന്നു മാത്രം ടെൻഡർ ഉറപ്പിച്ചാണ് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നുകൾ സംഭരിക്കുന്നത്. കാലാവധിക്കുള്ളിൽ തന്നെ മരുന്നുകൾ ഉപയോഗിക്കുന്നതിനു വേണ്ടി ഫസ്റ്റ് എക്സ്പയറി ഫസ്റ്റ് ഔട്ട് (FFFO) സമ്പ്രദായ പ്രകാരമാണ് കോർപ്പറേഷൻ വെയർഹൗസുകളിൽ നിന്ന് ആശുപത്രികൾക്ക് മരുന്നുകൾ വിതരണം ചെയ്യുന്നത്. മരുന്നുകളുടെ എക്സിപെയറി തീയതിയും വിതരണവും കമ്പ്യൂട്ടർ സംവിധാനത്തിലൂടെ (Drug Distribution Management System) നിരന്തരം നിരീക്ഷിക്കുന്നതിനും കാലാവധിക്കു മുൻപു തന്നെ അവ ആശുപത്രിയിൽ ഉപയോഗിക്കത്തക്ക വിധത്തിൽ വിതരണം ക്രമീകരിക്കുന്നതിനും ഉള്ള സംവിധാനം കോർപ്പറേഷനിൽ നിലവിലുണ്ട്.

(സി) ആരോഗ്യവകുപ്പ് ഡയറക്ടറുടേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടേയും കീഴിലുള്ള ആശുപത്രികൾക്കാവശ്യമായ മരുന്നുകളുടേയും ചികിത്സാ സാമഗ്രികളുടേയും വാർഷിക ഇൻഡന്റുകൾ സ്വരൂപിച്ച് അവ സംഭരിക്കുന്നതിനുള്ള ടെൻഡറുകൾ ക്ഷണിച്ചാണ് കോർപ്പറേഷൻ മരുന്നുകൾ സംഭരിക്കുന്നത്. ടെൻഡറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്സിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം പ്രവർത്തിക്കുന്നവയും നിയമാനുസൃതമായ ലൈസൻസിന്റെ അടിസ്ഥാനത്തിൽ മുന്ന് വർഷക്കാലമെങ്കിലും മരുന്ന് നിർമ്മിച്ച് മാർക്കറ്റിൽ വിതരണം ചെയ്യുന്നുവെന്നും ശിക്ഷണനടപടിക്ക് വിധേയമായിട്ടില്ലെന്നും ടെൻഡറിൽ പറയുന്ന അളവ് മരുന്നു നിർമ്മിച്ച് നൽകാൻ കഴിവുള്ളതാണെന്നും ഡ്രഗ്സ് കൺട്രോളർ സാക്ഷ്യപ്പെടുത്തിയ രേഖകളും മുന്ന് വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടിന്റെയും ബാലൻസ് ഷീറ്റിന്റേയും

LIBRARY ARCHIVES Kerala Legislative Assembly

യഥാസമയം ഇൻകം ടാക്സ് റിട്ടേണുകൾ സമർപ്പിച്ചിട്ടുണ്ട് എന്നതിന്റെയും ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ രേഖകളും ഹാജരാക്കണം. മേൽപ്പറഞ്ഞ യോഗ്യതയുള്ള സ്ഥാപനങ്ങളുടെ ഫാക്ടറികൾ ടെൻഡർ പരിഗണിക്കുന്നതിന് മുമ്പ് ഡ്രഗ്സ് & കോസ്മറ്റിക് ചട്ടങ്ങളിലെ ഷെഡ്യൂൾ എം. പ്രകാരമുള്ള നിബന്ധനകൾ പാലിച്ചാണോ മരുന്നുകൾ നിർമ്മിക്കുന്നതെന്ന് കോർപ്പറേഷൻ ഒരു വിദഗ്ധ സമിതിയെ കൊണ്ട് പരിശോധിച്ച് ഉറപ്പു വരുത്തുന്നു. കൂടാതെ പ്രസ്തുത സ്ഥാപനത്തേയോ സ്ഥാപനം നിർമ്മിച്ച മരുന്നുകളേയോ കോർപ്പറേഷനോ മറ്റ് സംസ്ഥാനങ്ങളോ ബ്ലാക് ലിസ്റ്റിംഗ് പോലുള്ള ശിക്ഷണനടപടികൾക്ക് വിധേയമാക്കിയിട്ടില്ലെന്നു ഉറപ്പു വരുത്തുന്നു. ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾക്ക് ഏറ്റവും കുറഞ്ഞ റേറ്റ് ക്വാട്ട്ചെയ്യുന്ന കമ്പനികൾക്ക് ഒരു വർഷത്തേയ്ക്ക് എഗ്രിമെന്റ് വെച്ച് പർച്ചേസ് ഓർഡറുകൾ നൽകുന്നു. കോർപ്പറേഷൻ സംഭരിക്കുന്ന ഓരോ ബാച്ച് മരുന്നിന്റെയും സാമ്പിളുകൾ സർക്കാർ അംഗീകൃത ലബോറട്ടറികളിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തിയാണ് ആശുപത്രികൾക്ക് വിതരണം ചെയ്യുന്നത്. പരിശോധനയിൽ ഗുണനിലവാരമില്ലാത്തവയെന്ന് കണ്ടെത്തുന്ന മരുന്നുകൾ നിരസിക്കുകയും പേയ്മെന്റ് നൽകാതിരിക്കുകയും ചെയ്യുന്നു. മരുന്നിന്റെ രണ്ടിലധികം ബാച്ചുകൾ അസ്സേ കണ്ടെന്റ് ടെസ്റ്റിൽ പരാജയപ്പെടുകയോ മൂന്നു പ്രാവശ്യം ക്വാളിറ്റി ടെസ്റ്റിൽ പരാജയപ്പെടുകയോ ചെയ്താൽ ആ മരുന്നിനെ മൂന്ന് വർഷകാലത്തേയ്ക്ക് കരിമ്പട്ടികയിൽപ്പെടുത്തി ടെൻഡറിൽ പങ്കെടുക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നു. ഒരു സാമ്പത്തികവർഷത്തിൽ നൽകുന്ന മൂന്ന് പർച്ചേസ് ഓർഡറിൽ പറയുന്ന അളവിന്റെ 50 ശതമാനത്തിൽ താഴെയാണ് മരുന്ന് വിതരണം ചെയ്യുന്നതെങ്കിൽ ആ സ്ഥാപനത്തിന്റെ പ്രസ്തുത മരുന്ന് ഒരു വർഷ കാലത്തേയ്ക്ക് കരിമ്പട്ടികയിൽപ്പെടുത്തുന്നു.

(ഡി) കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ച സമയത്ത് ആരോഗ്യ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ ജില്ലാ മെഡിക്കൽ സ്റ്റോറുകളാണ് ഇപ്പോൾ കോർപ്പറേഷൻ വെയർഹൗസുകളായി പ്രവർത്തിക്കുന്നത്. അവയുടെ നവീകരണത്തിനും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും ഉള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം എന്നീ സ്ഥലങ്ങളിൽ ആധുനികസൗകര്യങ്ങളോടുകൂടിയ പുതിയ വെയർഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) 2008-09 വർഷത്തിൽ 141.23 കോടി രൂപയ്ക്കും 2009-10 വർഷത്തിൽ 145.43 കോടി രൂപയ്ക്കും ഉള്ള മരുന്നും ചികിത്സാസാമഗ്രികളും കോർപ്പറേഷൻ സംഭരിക്കുകയുണ്ടായി. 2009-10 വർഷത്തിൽ 51 കോടി രൂപയുടെ ബയോ

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ ഉപകരണങ്ങളും ആംബുലൻസുകളും ഡസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും വാങ്ങി വിതരണം ചെയ്യുകയുണ്ടായി. 2010-11-ൽ 42 കോടി രൂപ വിലയുള്ള 130 ഇനം ബയോമെഡിക്കൽ ഉപകരണങ്ങളും സംഭരണത്തിനായി ടെൻഡർ ക്ഷണിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

വാഹനങ്ങളുടെ ക്ഷമത പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം

13(*223) ശ്രീ. രാജു എബ്രഹാം :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങളുടെ ക്ഷമത പരിശോധിക്കുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനും മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള സംവിധാനം എന്താണ് ;

(ബി) വാഹന പരിശോധനയുടെ നിലവാരം ഉയർത്തുന്നതിനും പരിശോധനയ്ക്ക് ഏകീകൃത രീതിയുണ്ടാക്കുന്നതിനും കമ്പ്യൂട്ടർ നിയന്ത്രിത വാഹന പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ വർഷം എത്ര ആധുനിക വാഹന പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിൽ വാഹന പ്രവർത്തനക്ഷമത പരിശോധനയ്ക്ക് പ്രത്യേക ഉപകരണമോ മറ്റു സൗകര്യങ്ങളോ വകുപ്പിനില്ല. വാഹനങ്ങൾ ഓടിച്ചും പരിശോധിച്ചും എല്ലാ ഭാഗങ്ങളുടെയും ദൃശ്യപരിശോധന നടത്തി പ്രവൃത്തനക്ഷമത ഉറപ്പുവരുത്തിയുമാണ് ഇപ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത്. 10 വർഷം വരെ പഴക്കമുള്ള വാഹനങ്ങളുടെ കാര്യക്ഷമത പരിശോധിക്കുന്നതിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും ഒരു മോട്ടോർ വാഹന ഇൻസ്പെക്ടറും ഒരു അസിസ്റ്റന്റ് മോട്ടോർ വാഹന ഇൻസ്പെക്ടറും അടങ്ങിയ ടീമിനെയും പത്ത് വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ പരിശോധിക്കുന്നതിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും ഒരു ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും ഒരു മോട്ടോർ വാഹന ഇൻസ്പെക്ടറും അടങ്ങിയ ടീമിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) ഉണ്ട്

(സി) രണ്ട് ലൈറ്റ് മോട്ടോർ വാഹന പരിശോധനാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് ചേവായൂരിലും കണ്ണൂരിലെ ഇരിവായൂർ വില്ലേജിലും ആണ് അവ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly